ശ്രീ. ടി. കെ. നാരായണപിള്ള : ചില സ്കൂളുകളിൽ കെട്ടിടം സൗകര്യമായി ഉണ്ടാക്കിട്ടുണ്ടെന്നു ഗവണ്മെണ്ടിനു ബോദ്ധ്യംവന്നിട്ടുള്ള ചില കേസുകളിൽ സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള : പ്രൈവറ്റ സ്കൂളുകൾക്കുള്ള അപേക്ഷകൾ പരിഗണിക്കുമ്പോൾ അദ്ധ്യാപകന്മാരുടെ ശമ്പളം മതലായവ കൊടുക്കാൻ മാനേജ്മെൻറിനുള്ള പ്രാപ്തിയേയും മറ്റും പരിഗണിച്ചാണോ കൊടുക്കുന്നതു് ?

ശ്രീ. ടി. കെ. നാരായണപിള്ള : പരിഗണിക്കാറുണ്ടു്.

ശ്രീ. എ. താണുപിള്ള : അങ്ങനെ ഇപ്പോഴത്തെ ശമ്പളക്രമമനുസരിച്ചോ പഴയ ശമ്പളക്രമമനുസരിച്ചോ സ്കൂളുകൾ അനുവദിച്ചിട്ടുള്ളതു് ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇന്നു നിലവിലിരിക്കുന്ന ശമ്പളക്രമമനുസരിച്ചു കൊടുക്കാൻ നിവൃത്തിയുള്ള മാനേജുമെൻറിനു മാത്രമേ സ്കൂളുകൾ അനുവദിച്ചിട്ടുള്ളൂ.

ശ്രീ. എ. താണുപിള്ള : അതായതു് ഇപ്പോൾ വർദ്ധിയിരിക്കുന്ന ശമ്പളക്രമമനുസരിച്ചു് ഇപ്പോൾ അനുവദിച്ചിട്ടുള്ള മറ്റു സ്കൂളുകളിൽ എത്ര സ്കൂളുകൾക്കു് ഗവണ്മെണ്ടു് സഹായം കൂടാതെ ശമ്പളം കൊടുക്കാൻ പ്രാപ്തിയുണ്ടു് ?

ശ്രീ. ടി. കെ. നാരായണപിള്ള : ഈ അനുവാദം കൊടുത്തസമയത്തു് പരിശോധിച്ചു ശമ്പളസ്കെയിൽ വന്നിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു് : വിദ്യാഭ്യാസവർഷം തുടങ്ങുന്നതിനുമുമ്പാണോ ഈ പതിനായിരം രൂപായും കെട്ടിവെക്കേണ്ടതു് ?

ശ്രീ. ടി. കെ. നാരായണപിള്ള : ഏതാനും സ്കൂളുകൾക്കു് ഈ തുക തവണകളായി കെട്ടിവെച്ചാൽ മതിയെന്ന നിർദ്ദേശം നൽകിയിട്ടുണ്ടു്.

കർഷകരിൽനിന്നും കടംവാങ്ങിയ നെല്ലു്

*൧൪൯ (൨) ശ്രീ. കെ. രാമകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവണ്മെണ്ടിന്റെ അഭ്യർത്ഥനയനുസരിച്ചു് ൧൯൫൨ ചിങ്ങം, കന്നി മാസങ്ങളിൽ എത്രപറ നെല്ലു് കുട്ടനാട്ട കർഷകർ കടമായി ഗവണ്മെണ്ടിലേക്കു നൽകി;

(ബി) കടം വാങ്ങിയ നെല്ലു് എന്നു തിരിയെ കൊടുക്കാമെന്നാണു് വ്യവസ്ഥ ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) : ഈ ചോദ്യത്തിനുത്തരം തയാറായിട്ടില്ല.

അദ്ധ്യാപകരുടെ ശമ്പളസമീകരണം

*൧൫൨. (൩) ശ്രീ. കെ. രാമകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഡിപ്പാർട്ട്മെൻറ് സ്കൂൾ അദ്ധ്യാപകന്മാരുടേയും, ഗ്രാൻറ് സ്കൂൾ അദ്ധ്യാപകന്മാരുടേയും ശമ്പളസ്കെയിൽ ഏകീകരിക്കുന്നതിനു് ഇതിനകം വല്ല നടപടിയും എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) : ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly